1171/GOV/19

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച മുൻസിപ്പാലിറ്റി/കോർപ്പറേഷൻ - ഓഫീസ് കെട്ടിടം നിർമ്മിക്കുന്ന പ്രൊജക്ട് - കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നത് - ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 210/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 31.01.2019

പരാമർശം:- 1) GO(Ms) No 69/2018/Fin തീയതി 24/2/2018
2) നഗരകാര്യ ഡയറക്ടറുടെ 09/03/2018 ലെ ഡിസി2/31624/2017 നമ്പർ കത്ത്
3) നഗരകാര്യ ഡയറക്ടറുടെ 18/01/2019 ലെ ഡിസി2/10100/2017 നമ്പർ കത്ത്

ഉത്തരവ്

2016-17 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ (ഖണ്ഡിക 189 ) സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച 29 മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ധനസഹായമായി സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സ്കീം പ്രകാരം 100 കോടി രൂപ പ്രഖ്യാപിച്ചിരുന്നു . ആയതിന്റെ അടിസ്ഥാനത്തിൽ ടി പ്രൊജക്റ്റ് കിഫ്ബി മുഖേന നടപ്പാക്കുന്നതിനുള്ള അനുമതിയ്ക്കായി പ്രസ്തുത പദ്ധതിയുടെ കൺസപ്റ്റ് നോട്ട് പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പരാമർശം (1) ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച 29 മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ എന്നിവയ്ക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്ന പ്രോജക്ട് KIIFB ധനസഹായത്തോടെ നടപ്പാക്കുന്നതിന് 100 കോടി രൂപയ്ക്ക് ഭരണാനുമതി നൽകികൊണ്ടും പ്രസ്തുത പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ഇംപാക്ട് കേരളയെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ,ഇംപാക്ട് കേരള ,തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കിഫ്ബി,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് . തിരുവനന്തപുരം
ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി2/142/2018/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ